# വക്കം മൗലവിയുടെ സാഹിത്യ പ്രവർത്തനം

സാഹിത്യത്തെ സാർവ്വലൗകിക മൂല്യങ്ങളുള്ള സർഗ്ഗാത്മ കലയെന്നും, ശാസ്ത്രം, മതം, മുതലായ വിഷയങ്ങളെപ്പറ്റി രചിക്കപ്പെടുന്ന കൃതികളെന്നും സാമാന്യേന രണ്ടായി തരം തിരിക്കാം. വക്കം മൗലവിയുടെ സാഹിത്യ പ്രവർത്തനങ്ങൾ ഈ രണ്ടാമത്തെ വിഭാഗത്തിൽപ്പെടുന്നവയാണ്.

കേരളമുസ്ലിം സമുദായത്തെ ഉദ്ബുദ്ധമാക്കുന്നതിന്, ഖുർആനും നബിചര്യയും വിഭാവന ചെയ്ത ജീവിതാദർശങ്ങളിലേക്ക് അവരെ ഉൽബോധനം ചെയ്യുവാൻ വേണ്ടി വക്കം മൗലവി സ്വീകരിച്ച ഒരു ഉപാധിയായിരുന്നു സാഹിത്യപ്രവർത്തനം. ഇത് ഈ നൂറ്റാണ്ടിന്റെ ആരംഭം തൊട്ട് വക്കം മൗലവി നേതൃത്വം നൽകിയ മത പരിഷ്കരണ പ്രസ്ഥാനത്തിന്റെ വളർച്ചക്കും വിജയത്തിനും വേണ്ടി അദ്ദേഹം പ്രയോജനപ്പെടുത്തിയ ഉപാധികളിൽ ഒന്നു മാത്രമായിരുന്നു.

മതപരിഷ്കരണം എന്നാലെന്താണെന്നു വ്യക്തമായി ധരിക്കുവാൻ കഴിഞ്ഞില്ലെങ്കിൽ വക്കം മൗലവിയുടെ സാഹിത്യ പ്രവർത്തനങ്ങളെ വിലയിരുത്താൻ സാധ്യമല്ല. മത സംബന്ധമായ എന്ന പദത്തെ മതം എന്നു സാധാരണക്കാരെ തെറ്റിധരിപ്പിച്ച് ഇസ്ലാംമതത്തെ പരിഷ്കരിച്ച് പുതിയ മതം പ്രചരിപ്പിക്കുവാൻ നടക്കുന്ന അപകടകാരിയായി വക്കം മൗലവിയെ യാഥാസ്ഥികർ ചിത്രീകരിച്ചു. മതം എന്ന നാമ പദമല്ല, മതസംബന്ധമായ എന്ന വിശേഷണ പദമാണ് താൻ പ്രയോഗിച്ചതെന്നും, മതത്തെ പരിഷ്കരിക്കലല്ല, മതസംബന്ധമായ പരിഷ്കരണങ്ങളാണ് മത നവീകരണ പ്രസ്ഥാനത്തിന്റെ ലക്ഷ്യമെന്നും വക്കം മൗലവി അവർക്കു മറുപടി കൊടുത്തു. നൂറ്റാണ്ടുകൾകൊണ്ട് ഇസ്ലാമിക ശരീരത്തിൽ പറ്റിക്കൂടിയ ഖുർആനിനും നബിചര്യയ്ക്കും നിരക്കാത്ത ആശയങ്ങളെയും വിശ്വാസങ്ങളെയും തുറന്നു കാട്ടി ഇസ്ലാമിന്റെ യഥാർത്ഥ ചിത്രം ജനങ്ങളെ ബോധ്യപ്പെടുത്തുകയും തൗഹീദിനു വിരുദ്ധമായതും മനുഷ്യ പുരോഗതിയ്ക്ക് തടസം സൃഷ്ടിച്ചിരുന്നതുമായ അനാചാരങ്ങളിൽ നിന്നു സമുദായത്തെ മോചിപ്പിക്കുകയുമായിരുന്നു അദ്ദേഹത്തിന്റെ ലക്ഷ്യം.



സ്വദേശാഭിമാനി രാമകൃഷ്ണപിള്ള

1981- ൽ വക്കം മൗലവിയുടെ ഹ്രസ്വമായ ഒരു ജീവ ചരിത്രത്തിന്റെ പ്രസിദ്ധീകരണത്തോടു കൂടി അദ്ദേഹത്തെ സംബന്ധിച്ച ഭീമമായ ഒരു തെറ്റിദ്ധാരണ അതി വേഗം പരക്കുവാൻ ഇടയായി. ആ ജീവചരിത്രഗ്രന്ഥത്തിൽ വക്കം മൗലവി ഇൻഡ്യൻ സ്വാതന്ത്രസമരത്തിലെ ഒരു മുന്നിണി പ്പോരാളിയായിരുന്നുവെന്ന് വരുത്തിത്തീർക്കുവാൻ വസ്തുതകൾ വിസ്മരിച്ച് ഭാവാനാസ്യഷ്ടമായ സംഭവങ്ങളുടെ സഹായത്തോടെവികാര പ്രധാനമായ ഒരു ശ്രമം നടത്തിയിട്ടുണ്ട്. ജീവിതം മുഴുവനും മതപരിഷ്കരണ പ്രസ്ഥാനത്തിന്റെ വിജയത്തിനു വേണ്ടി സമർപ്പിച്ച ഒരു വ്യക്തി, സത്യവിരുദ്ധമായി ഒരു സജീവ സ്വാതന്ത്ര്യസമര സേനാനിയായിരുന്നുവെന്നു ചിത്രീകരിക്കപ്പെട്ടാൽ ആ വ്യക്തി മതപരിഷ്കരണ പ്രസ്ഥാനത്തിനു നൽകിയ നിസുതുല സംഭാവനകളെ തരം താഴ്ത്തുകയാകും ഫലം. ഇൻഡ്യൻ ഉലമാക്കളോടൊപ്പം വക്കം മൗലവി ഒരു ബ്രിട്ടീഷ് വിരോധി ആയിരിക്കാം. പക്ഷെ പ്രവർത്തി കൊണ്ടോ, പ്രഭാഷണം, എഴുത്ത് എന്നീ വഴികളിൽ കൂടിയോ സ്വാതന്ത്ര്യ സമരവുമായി അദ്ദേഹം ഒരിയ്ക്കലും ബന്ധപ്പെട്ടിരുന്നില്ല. ഇൻഡ്യൻ സ്വാതന്ത്ര്യത്തെക്കുറിച്ചോ, ഇൻഡ്യൻ ദേശീയതയെക്കുറിച്ചോ അദ്ദേഹം ഒരു വരി എഴുതിയതായി അറിവില്ല. ഗാന്ധിജിയെ കണ്ടതിന്റെ അടുത്ത ദിവസം മുതൽ അദ്ദേഹം ഖാദി വസ്ത്രങ്ങൾ ധരിച്ചു എന്നും ഒറ്റപ്പാലം കോൺഗ്രസ് സമ്മേളനം കഴിഞ്ഞയുടൻ ദേശീയനേതാക്കന്മാരുമായി ഒത്തിരുന്നു സ്വാതന്ത്രസമര പരിപാടികൾക്കു രൂപം കൊടുക്കുവാൻ ചർച്ചകൾ നടത്തിയെന്നും ജീവചരിത്രകാരൻ പറയുന്നത് ശുദ്ധനുണയാണ്. ഗാന്ധിയും അലി സഹോദരന്മാരും വക്കം മൗലവിയുടെ ചിന്തകളെ സ്വാധീനം ചെയ്തു എന്നും പറയുന്നതും തികഞ്ഞ അജ്ഞത കൊണ്ടാണ്.

ഇസ്ലാമിന്റെ ധൈഷണിക പുരോഗതിയുടെ പാതയിൽ നാഴിക കല്ലുകളായി പ്രശോഭിക്കുന്ന 11-ാം നൂറ്റാണ്ടിലെ ഇമാം ഗസ് സാലിയുടെയും, 13-ാം നൂറ്റണ്ടിലെ ഇബ്ന് തൈമിയായുടെയും, 18- ാം നൂറ്റാണ്ടിലെ മുഹമ്മദ് ഇബ്ന് അബ്ദുൽ വഹാബ്, ഷാവലിയുല്ലാ ദഹ് ലവി എന്നിവരുടെയും 19- ാം നൂറ്റണ്ടിലെ ജമാലുദ് ദീൻ അഫ്ഗാനി, ഷെയ്ഖ് മുഹമ്മദ് അബ്ദു, റഷീദ് റിസാ, സർ സയ്യിദ് അഹമ്മദുഖാൻ തുടങ്ങിയരുടെയും ചിന്തകൾ വക്കം മൗലവിയെ സ്വാധീനിച്ചിരുന്നു. ഈ മഹാപുരുഷന്മാരുടെ ആശയങ്ങളിൽ നിന്നും പ്രചോദനം നേടി മതപരിഷ്ക്കരണ പ്രവർത്തനങ്ങളുമായി ഈ

നൂറ്റാണ്ടിന്റെ ആരംഭത്തിൽ വക്കം മൗലവി രംഗത്തിറങ്ങുമ്പോൾ ഇസ്ലാമിക സാഹിത്യരംഗവും പത്രപ്രവർത്തന രംഗവും ശൂന്യമായിരുന്നുവെന്നുതന്നെ പറയാം.

ഇനി വക്കം മൗലവിയുടെ സാഹിത്യ രചനകളിലേക്കു ഹ്രസ്വമായ ഒരവലോകനത്തിന് ഒരുമ്പെടട്ടെ. അദ്ദേഹത്തിന്റെ സാഹിത്യസൃഷ്ടികളിൽ വിവർത്തനങ്ങളും, സ്വതന്ത്ര കൃതികളും, ലേഖനങ്ങളും, പ്രഭാഷണങ്ങളും, ഖുർ ആൻ വ്യാഖ്യാനവും, പത്രാധിപക്കുറിപ്പുകളും, ചോദ്യങ്ങളുടെ സമാധാനങ്ങളും ഉൾപ്പെട്ടിരിക്കുന്നു. ലേഖനരൂ

**സ്വദേശാഭിമാനിയുടെ
ഉടമ വക്കം മൗലവിയും
പത്രാധിപർ
കെ. രാമകൃഷ്ണപിള്ളയും
ആയിരുന്നുവല്ലോ.
വക്കം മൗലവിയുടെ
അചഞ്ചലമായ
ആദർശ നിഷ്ഠയും
ത്യാഗസന്നദ്ധതയുമാണ്.
സ്വദേശാഭിമാനിയെ
അതിന്റെ
കർത്തവ്യ നിർവ്വഹണത്തിന്
പ്രാപ്തമാക്കിയത്.**

പത്തിലാണ് അദ്ദേഹം ഏറ്റവും കൂടുതൽ രചന നടത്തിയത്. 1905-ൽ ആണ് കേരള പത്രപ്രവർത്തന ചരിത്രത്തിൽ തിളക്കമേറിയ ഒരദ്ധ്യായം വിരചിച്ച സ്വദേശാഭിമാനിപ്പത്രം അദ്ദേഹം ആരംഭിച്ചത്. ഇൻഡ്യൻ ദേശീയബോധം വളർത്തിയെടുക്കുകയായിരുന്നു. സ്വദേശാഭിമാനി യുടെ ലക്ഷ്യമെന്നും, സ്വദേശാഭിമാനി തിരുവിതാംകൂറിൽ ദേശീയതയുടെ ഒരദ്ധ്യായം എഴുതിച്ചേർത്തു എന്നും, തിരുവിതാംകൂറിന്റെ മാത്രമല്ല ഭാരതത്തിന്റെ ആകെക്കൂടിയുള്ള നാവായിരുന്നു അതെന്നുമൊക്കെ ജീവചരിത്രകാരൻ എഴുതിക്കൂട്ടുന്ന കാര്യങ്ങൾക്ക് വസ്തുതകളുമായി ഒരു ബന്ധവുമില്ല. സ്വദേശാഭിമാനിയുടെ പ്രസിദ്ധീകരണവിഷയത്തിൽ താനുൾപ്പെടെ സമുദായത്തിന്റെ പ്രശ്നങ്ങൾ ഒന്നും വക്കം മൗലവിയെ അലട്ടിയിരുന്നില്ലെന്നാണ് ജീവചരിത്രകാരൻ സൂചിപ്പിക്കുന്നത്.

ജീവചരിത്ര ഗ്രന്ഥത്തിൽ, മൗലവി എഴുതിയ സ്വദേശാഭിമാനിയുടെ ആദ്യലക്കത്തിലെ മുഖപ്രസംഗം ജീവചരിത്രകാരൻ ഉദ്ധരിക്കുന്നതിൽ നിന്ന് ഒരു വാക്യം ഇവിടെ ചേർക്കട്ടെ, സ്വദേശാഭിമാനി മുഹമ്മദീയ സമുദായത്തിനും അതിന്റെ ക്ഷേമത്തെ കാംക്ഷിക്കുന്ന മറ്റു സമുദായങ്ങൾക്കും വേണ്ടി വലിയ കാര്യങ്ങളെല്ലാം പ്രവർത്തിച്ചുകളയുമെന്ന് ഞങ്ങൾ ഘോഷിക്കുന്നില്ല

സ്വദേശാഭിമാനി വഴി മുസ്ലീം സമുദായത്തിന്റെയും ഉന്നമനം അദ്ദേഹം ലക്ഷ്യമാക്കിയിരുന്നു എന്നു ജീവ ചരിത്രകാരൻ ഉദ്ധരിച്ചിരിക്കുന്ന വാക്യത്തിൽ നിന്നു സ്പഷ്ടമാണ്. മുസ്ലീം വിദ്യാഭ്യാസത്തെക്കുറിച്ചും ഇസ്ലാമിക വിഷയങ്ങളെക്കുറിച്ചുമുള്ള ലേഖനങ്ങൾ അടിക്കടി ദേശാഭിമാനിയിൽ വന്നുകൊണ്ടുമിരുന്നു. ഒരു കാര്യം തീർത്തും പറയാം. സർക്കാരിനെതിരെ നിലപാടെടുത്തുകൊണ്ട്, അനീതിയ്ക്കും, അഴിമതിക്കും എതിരായി പോരാടുവാൻ അദ്ദേഹത്തിന് പ്രേരണ ലഭിച്ചത് ഇൻഡ്യൻ ദേശീയ നേതാക്കളായിരുന്ന ഗാന്ധിജിയിൽ നിന്നോ, അലിസഹോദരൻമാരിൽ നിന്നോ ആയിരുന്നില്ല. സ്വദേശാഭിമാനി യുടെ പ്രവർത്തനം അവസാനിച്ച 1910 വരെയും ഇവർ മൂന്നുപേരും ഇൻഡ്യൻ രാഷ്ട്രീയത്തിൽ പ്രത്യക്ഷപ്പെട്ടിരുന്നില്ലെന്നുള്ളത് ഇതിനു തെളിവാണ്. കറയറ്റ ഇസ്ലാമിക ബോധവും ജമാലുദ്ദീൻ അഫ്ഗാനിയും ഷെയ്ഖ് മുഹമ്മദ് അബ്ദുവും അദ്ദേത്തിൽ ചെലുത്തിയിരുന്ന സ്വാധീനവും ആയിരുന്നിരിക്കണം അദ്ദേഹത്തെ പ്രചോദിപ്പിച്ചത്.

സ്വദേശാഭിമാനിയുടെ ഉടമ വക്കം മൗലവിയും പത്രാധിപർ കെ. രാമകൃഷ്ണ പിള്ളയും ആയിരുന്നുവല്ലോ. വക്കം മൗലവിയുടെ അചഞ്ചലമായ ആദർശ നിഷ്ഠയും ത്യാഗസന്നദ്ധതയുമാണ്. സ്വദേശാഭിമാനി യെ അതിന്റെ കർത്തവ്യ നിർവ്വഹണത്തിന് പ്രാപ്തമാക്കിയത്. പത്രാധിപരുടെ ആദർശ ധീരതയെ ആദരിക്കുകയും അംഗീകരിക്കുകയും ചെയ്തു കൊണ്ട് സ്വതന്ത്രമായ അഭിപ്രായാവിഷ്കരണത്തിന് സ്വദേശാഭിമാനിയുടെ പേജുകൾ തുറന്നു കൊടുത്തപ്പോൾ രാമകൃഷ്ണ പിള്ളയുടെ വ്യക്തിത്വം നിസ്തന്ദ്രം



**വക്കം എസ്. മുഹമ്മദ് അബ്ദാ**

വികസിക്കുവാനുള്ള ചുറ്റുപാടുകൾ വക്കം മൗലവി സൃഷ്ടിച്ചു കൊടുക്കുകയായിരുന്നു.

പത്രാധിപർ സ്വദേശാഭിമാനി എന്ന അപരനാമധേയത്തിൽ അറിയപ്പെടുകയും ആദരിക്കപ്പെടുകയും ചെയ്യുന്നു.. എന്നാൽ പത്രമുടമ വിസ്മരിക്കപ്പെട്ടിരിക്കുകയാണ്. അദ്ദേഹം അല്പമെങ്കിലും അനുസ്മരിക്കപ്പെട്ടു തുടങ്ങിയത് അടുത്തകാലത്താണ്. കെ. രാമകൃഷ്ണപിള്ളയുടെ പത്നി ബി. കല്യാണിയമ്മ ഭർത്താവിന്റെ മരണാനന്തരം എഴുതിയ വ്യാഴവട്ടസ്മരണകളിൽ വക്കം മൗലവിയെ പാടെ വിസ്മരിച്ചു എന്നാൽ മകൾ ഗോമതിയമ്മ 1978-ൽ വക്കം മൗലവിയെക്കുറിച്ചെഴുതിയ ദീർഘമായ ഒരു ലേഖനം ഇങ്ങനെ അവസാനിപ്പിക്കുന്നു. ഞാൻ വീണ്ടും വീണ്ടും സ്മരിക്കട്ടെ. സ്മരിക്കുവാൻ ഉദ്ബോധിപ്പിക്കട്ടെ. രാമകൃഷ്ണപിള്ളയെ സ്വദേശാഭിമാനിയാക്കിത്തീർത്ത വക്കം മൗലവി സാഹിബിനെ, അനശ്വരയശസിന് തുല്യപങ്കാളിത്വമുള്ള ആ വന്ദ്യ പുരുഷന്, ഒരിയ്ക്കലും മറക്കാൻ പാടില്ലാത്ത ആ വിശിഷ്ട വ്യക്തിയെ ......

ഈ രണ്ടു മഹത് വ്യക്തികൾ ഏർപ്പെട്ടിരുന്ന യജ്ഞത്തിൽ സഹകരിക്കാനും അവരെ സഹായിക്കാനും വ്യക്തി ബന്ധമോ രക്തബന്ധമോ ഉണ്ടായിരുന്ന ഏതാനും പേർ മാത്രമാണുണ്ടായിരുന്നത്. സ്വദേശാഭിമാനി യുടെ കാലഘട്ടത്തിൽ സംഘടിക്കുവാനും ശക്തരാകുവാനും ശ്രമിച്ചുകൊണ്ടിരുന്ന നായരീഴവ ക്രൈസ്തവ സമുദായങ്ങൾ സർക്കാരിൽ നിന്ന് ആനുകൂല്യങ്ങൾ നേടിയെടുക്കുവാനുള്ള ലക്ഷ്യത്തോടെ സ്വദേശാഭിമാനി യെയും രാമകൃഷ്ണ പിള്ളയെയും ഒളിഞ്ഞും തെളിഞ്ഞും എതിർത്തുകൊണ്ടിരുന്നു. (തുടരും)

# വക്കം മൗലവിയുടെ സാഹിത്യ പ്രവർത്തനം

കഴിഞ്ഞലക്കം തുടർച്ച

**നാടുകടത്തൽ സംഭവത്തെത്തുടർന്ന് തിരുവിതാംകൂർ, കൊച്ചി മലബാർ പ്രദേശത്തെ മനോരമ (കോഴിക്കോട്), സുഭാഷിണി (തിരുവനന്തപുരം), നസ്രാണി ദീപിക (മാന്നാനം), വെസ്റ്റേൺ സ്റ്റാർ (തിരുവനന്തപുരം) ഉൾപ്പെടെ 14 പത്രങ്ങൾ മുഖക്കുറിപ്പുകൾ എഴുതി. രാമകൃഷണപിള്ളയിൽ കുറ്റവും തെറ്റും ആരോപിക്കാത്ത ഒരൊറ്റക്കുറിപ്പു പോലും അവയിൽ ഉണ്ടായിരുന്നില്ല. അന്നത്തെ പത്രാധിപൻമാരുടെയും പത്രമുടമകളുടെയും അവസരവാദപരമായ നിലപാടും നയവും വ്യക്തമാക്കുന്നതാണിത്.**

അസംഘടിതരും അജ്ഞരുമായി കഴിഞ്ഞിരുന്ന മുസ്ലീംകൾക്ക് സ്വദേശാഭിമാനിയോടു അനുകൂലമായോ പ്രതികൂലമായോ പ്രതികരിക്കുവാൻ കഴിയുമായിരുന്നില്ല . ഏതൊരു വ്യക്തിയുടെ ദുഷ്പ്രേരണയാലാണോ അന്നത്തെ മഹാരാജാവ് രാമകൃഷപിള്ളയെ നാടുകടത്തുവാൻ ഉത്തരവിട്ടത്. ആ വ്യക്തിയ്ക്ക്, അന്നത്തെ ദിവാനായിരുന്ന പി. രാജഗോപാലാചാരിക്ക് രാമകൃഷണപിള്ള നാടുകടത്തപ്പെട്ടു ഒരാഴ്ച കഴിയുന്നതിനു മുമ്പ് അദ്ദേഹത്തിന്റെ ജന്മദേശമായ നെയ്യാറ്റിങ്കരയിൽ പൂപ്പന്തലിട്ടു സ്വീകരണം നൽകാൻ അവിടുത്തെ നായർ സമുദായാംഗങ്ങൾ തയ്യാറായി എന്ന് തിരുവിതാംകൂർ സ്റ്റേറ്റു കോൺഗ്രസിന്റെ നേതാക്കളിൽ ഒരാളായിരുന്ന ശ്രീ പൊന്നറ ശ്രീധർ പറഞ്ഞു കേട്ടിട്ടുണ്ട്. വിശ്വമഹാകവികളുടെ നിരയിൽ ഉൾപ്പെടാൻ അർഹതയുള്ള കുമാരനാശാനു പോലും, താനുൾപ്പെടെ സമുദായത്തിന്റെ ഉൽഗതിയ്ക്കു തടസം നേരിട്ടേക്കുമെന്ന ഭയം കൊണ്ടായിരുന്നിരിക്കണം, രാമകൃഷ്ണപിള്ളയെ അനുകൂലിക്കുവാൻ സാധിച്ചില്ല.

നാടുകടത്തൽ സംഭവത്തെത്തുടർന്ന് തിരുവിതാംകൂർ, കൊച്ചി മലബാർ പ്രദേശത്തെ മനോരമ(കോഴിക്കോട്), സുഭാഷിണി(തിരുവനന്തപുരം). നസ്രാണി ദീപിക (മാന്നാനം), വെസ്റ്റേൺ സ്റ്റാർ(തിരുവനന്തപുരം) ഉൾപ്പെടെ 14 പത്രങ്ങൾ മുഖക്കുറിപ്പുകൾ എഴുതി. രാമകൃഷണപിള്ളയിൽ കുറ്റവും തെറ്റും ആരോപിക്കാത്ത ഒരൊറ്റക്കുറിപ്പു പോലും അവയിൽ ഉണ്ടായിരുന്നില്ല. അന്നത്തെ പത്രാധിപൻമാരുടെയും പത്രമുടമകളുടെയും അവസരവാദപരമായ നിലപാടും നയവും വ്യക്തമാക്കുന്നതാണിത്.

വക്കം മൗലവി ഇന്നും വിസ്മൃതനാണെന്നുതന്നെപറയാം. എന്നാൽ രാമകൃഷ്ണപിള്ള ഇന്നു സ്മരിക്കപ്പെടുകയും ആദരിക്കപ്പെടുകയുംചെയ്യുന്നുണ്ടങ്കിലും അദ്ദേഹത്തെയും ഇവിടത്തെ ജനങ്ങളും ജനനേതാക്കളും ദീർഘകാലം മൂന്നുദശാബ്ദത്തോളം വിസ്മരിച്ചു എന്നതു ശ്രദ്ധിക്കപ്പെടേണ്ട ഒരു വസ്തുതയാണ്. കണ്ണൂർ കടപ്പുറത്തുനിന്നു അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടം തലസ്ഥാനത്തുകൊണ്ടുവരാനും അദ്ദേഹത്തിന്റെ പ്രതിമ സ്ഥാപിക്കുവാനും ഇവിടുത്തെ ജനനേതാക്കൾ ഒരുമ്പട്ടത് തിരുവിതാംകൂറിലെ നാടുവാഴിത്തം പൂർണ്ണമായി അവസാനിച്ചതിനുശേഷമാണെന്നോർക്കണം. അടുത്ത കാലംവരെ ജനനേതാക്കളുടെ നിലപാട് ഇതായിരുന്നുവെങ്കിൽ ഈ നൂറ്റാണ്ടിന്റെ ആരംഭദശയിലെ അവസ്ഥ എന്തായിരുന്നുവെന്ന് സങ്കല്പിച്ച് നോക്കുക. പ്രബലസമുദായങ്ങളുടെ എതിർപ്പിനെയും അധികാരി വർഗത്തിന്റെ ഭീഷണികളെയും നേരിട്ട് രാജത്വത്തിനും, ഏകാധിപത്യത്തിനും, അഴിമതിക്കും എതിരായി സത്യത്തിനും നിതിക്കും വേണ്ടി കടുത്ത പോരാട്ടം നടത്തിക്കൊണ്ടിരുന്ന രാമകൃഷ്ണപിള്ളയ്ക്ക് താങ്ങും തണലുമായി നിന്നു. സാദ്ധ്യവും ഫലപ്രദവുമായ എല്ലാ സഹായവും നൽകിയതു വക്കം മൗലവിയായിരുന്നു. സ്വദേശാഭിമാനിനടത്തിയ പോരാട്ടം മൗലവിക്കുണ്ടാക്കിയ ക്ലേശവും നഷ്ടവും വളരെ വലുതായിരുന്നു. സ്വദേശാഭിമാനി പത്രാധിപർ ഒന്നാം പ്രതിയും ഉടമസ്ഥൻ വക്കം മൗലവി രണ്ടാം പ്രതിയും പ്രിന്ററും പബ്ലിഷറുമായിരുന്ന മൗലവിയുടെ സ്യാലൻ അബ്ദുൽകരീം മൂന്നാം പ്രതിയുമായി രണ്ടു മാനനഷ്ടക്കേസുകൾ കോട്ടയത്തു ഫയൽ ചെയ്യപ്പെട്ടിരുന്നു. ഒരു കേസിലെ വാദി കൊല്ലം പ്രാക്കുളം പത്മനാഭപിള്ളയും രണ്ടാമത്തേതിലേതു നസ്രാണി ദീപിക പത്രാധിപർ കെ. ഗോവിന്ദപ്പിള്ളയുമായിരുന്നു. മൂന്നു വർഷം നീണ്ടുനിന്ന ഈ കേസുകൾ വക്കം മൗലവിക്കു വരുത്തിവെച്ച ക്ലേശങ്ങൾ ഒട്ടേന്നുമല്ല.



വക്കം എസ്. മുഹമ്മദ് അബ്ദാ

രാമകൃഷ്ണപിള്ളയുടെ തൂലികത്തുമ്പിൽക്കൂടി നിർഗ്ഗളിച്ച സ്വദേശാഭിമാനിപ്പത്രത്തിന്റെ പാക്തികളിൽക്കൂടി പുറത്തുവന്ന ആശയങ്ങൾ സാഹിത്യമാണെങ്കിൽ ആ സാഹിത്യത്തിന്റെ സൃഷ്ടിയിൽ സ്വദേശാഭിമാനിയുടെ ഉടമയും, രാമകൃഷണപിള്ളയുമായി ആത്മീയ ബന്ധം പുലർത്തിയിരുന്ന ആളുമായ വക്കം മൗലവിക്കു ഒരു

പങ്കുണ്ടായിരുന്നു എന്നു പറയുവാൻ ഞാൻ ധൈര്യപ്പെടുന്നു.

1906-ൽ വക്കം മൗലവി മുസ്ലിം മാസികയുടെ പ്രസിദ്ധീകരണം തുടങ്ങി. പ്രഥമ ലക്കത്തിലെ മുഖപ്രസംഗത്തിൽ മൗലവി ഇങ്ങനെ എഴുതി: ഓരോ സമുദായക്കാരും അവരവരുടെ അഭിവൃദ്ധിക്കു വേണ്ടി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ഇക്കാലത്തു മുസൽമാന്മാരും അതിൻ വണ്ണം പ്രവർത്തിക്കേണ്ടതാണല്ലോ. സമുദായത്തിൽ ആവശ്യമായ പരിഷ്കാരങ്ങൾ ഇന്നവ ആണെന്നു പറഞ്ഞു അതതു വർഗ്ഗക്കാർക്ക് മനസ്സിലാക്കിക്കൊടുക്കുകയും ആ വഴിയായി കഴിവുള്ളിടത്തോളം പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്യുന്നതിൽ ആർക്കും ശ്രമിക്കാവുന്നതാണ്.... ഇക്കാലത്ത് മുസൽമാൻമാർക്ക് ഇങ്ങനെയൊരു ഉദ്യമം അത്യന്താപേക്ഷിതമാകുന്നു.... ഈ സമുദായത്തിന്റെ ഇടയിൽ മതാചാരങ്ങളുടെയും നടപടികളുടെയും സംഗതിയിൽ പലകുറവുകളും കുഴപ്പങ്ങളും ഉണ്ടായിട്ടുണ്ട്. ഈ വിഷയങ്ങളിൽ മുസൽമാന്മാർ ശരിയായ അറിവും വഴിയും മനസ്സിലാക്കേണ്ടത് ആവശ്യമെന്നു കണ്ടിരിക്കുന്നു.

ഒരു ലക്കം പോലും മുടങ്ങാതെ നീണ്ട പത്തു വർഷങ്ങൾ അദ്ദേഹം മുസ്ലീം മാസിക നടത്തി മുസ്ലീംകളുടെയിടയിൽ വിദ്യഭ്യാസം പ്രചരിപ്പിക്കുന്നതിന് വേണ്ടി തുടരെത്തുടരെ അദ്ദേഹം ലേഖനങ്ങൾ എഴുതി. ഇസ്ലാമിന്റെ ആദ്യകാല ചരിത്രം എടുത്തു കാട്ടിയും, ഉത്തരേന്ത്യയിലും ഈജിപ്തിലും നടന്നു കൊണ്ടിരുന്ന മുസ്ലീം വിദ്യാഭ്യാസ പ്രവർത്തനങ്ങൾ റിപ്പോർട്ടു ചെയ്തും കേരളമുസ്ലീംകളുടെ അന്നത്തെ വിദ്യാഭ്യാസ നിലവാരം വ്യക്തമാക്കുന്ന സ്ഥിതി വിവരക്കണക്കുകൾ ഉദ്ധരിച്ചും വിദ്യാഭ്യാസത്തിൽ മുന്നേറുവാൻ അദ്ദേഹം മുസ്ലീംങ്ങളെ ആഹ്വാനം ചെയ്തു. മതപരിഷ്ക്കരണത്തിനുതകുന്ന ഇസ്ലാമിക വിജ്ഞാനം വായനക്കാർക്ക് പകർന്നു കൊടുക്കുന്ന, മതപരിഷ്ക്കരണത്തിന്റെ ആവശ്യം വെളിപ്പെടുത്തുന്ന എണ്ണമറ്റ ലേഖനങ്ങളും ലേഖന പരമ്പരകളും മൗലവി മുസ്ലീ മിൽ എഴുതി.ഖുർ ആൻ പഠനത്തിന് ഒരു മുഖവുര ഇസ്ലാം മതസിദ്ധാന്ത സംഗ്രഹം തൗഹീദും ഷിർക്കും ഇസ്ലാഹുദ്ദീനിയ്യ് തുടങ്ങിയ കനപ്പെട്ട ലേഖനങ്ങൾ അവയിൽ ഉൾപ്പെടുന്നു. ഇസ്ലാംമതസിദ്ധാന്തസംഗ്രഹം എന്ന ലേഖന പരമ്പരയിൽ മൗലവി ഉദ്ധരിച്ച ഖുർ ആൻ സൂക്തങ്ങളുടെ എണ്ണം 70-ൽ പരമായിരുന്നു. ഖുർ ആന്റെ ആശയങ്ങളുമായി വിദൂരബന്ധം പോലുമില്ലാതിരുന്ന മുസ്ലീംകൾ മാതൃഭാഷയിൽ ഈ സൂക്തങ്ങൾ കണ്ടറിഞ്ഞപ്പോൾ ആഹ്ലാദിക്കുകയും ആശ്ചര്യപ്പെടുകയും ചെയ്തു.

മലയാള ലിപി അറിയാത്ത സാമാന്യ ജനങ്ങളിലേക്ക് തന്റെ ആശയങ്ങൾ കടന്നു ചെല്ലുവാൻ മൗലവി ഒരു മാർഗ്ഗം കണ്ടുപിടിക്കുകയും 1918-ൽ അറബി മലയാള ലിപിയിൽ അൽ-ഇസ്ലാം എന്ന പേരിൽ ഒരു മാസികയുടെ പ്രസിദ്ധീകരണം ആരംഭിക്കുകയും ചെയ്തു. അഞ്ച് ലക്കങ്ങളായി ദീർഘമായ 25 -ൽ പരം പേജുകൾ വരുന്ന ഫാത്തിഹാ വ്യാഖ്യാനം അദ്ദേഹം എഴുതി അതോടൊപ്പം മതപരിഷ്കരണത്തിന് വേണ്ടിയുള്ള ലേഖനങ്ങളും.

തന്റെ ജീവിത സായാഹ്നത്തിലാണ് മൗലവി ദീപിക എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചത്. ഇന്നും മാതൃകയായി പ്രശോഭിക്കുന്ന വ്യാഖ്യാനത്തോട്കൂടിയ ഖുർ- ആൻ വിവർത്തനവും കാലിക പ്രാധാന്യമുണ്ടായിരുന്ന വിവിധ വിഷയങ്ങളെ പറ്റിയുള്ള പത്രാധിപക്കുറിപ്പുകളും മാത്രമേ മൗലവിക്കു ഇതിൽ എഴുതേണ്ടി വന്നുള്ളൂ.

ഇമാം ഗസ്സാലിയുടെ 'കീമിയ സആദാ' എന്ന പേർഷ്യൻ ഗ്രന്ഥത്തിന്റെ അറബി മലയാള വിവർത്തനമാണ് ഗ്രന്ഥരൂപത്തിലുള്ള അദ്ദേഹത്തിന്റെ ആദ്യത്തെ പ്രസിദ്ധീകരണം(1918) ഇസ്ലാംമതം പഠിക്കുവാൻ സമഗ്രമെന്നോ, ആധികാരികമെന്നോ ഗണിക്കപ്പെടാവുന്ന ഒരു ഗ്രന്ഥവും ആകാലഘട്ടത്തിൽ കേരളത്തിൽ ഉണ്ടായിരുന്നില്ല. ആ ദുഃഖകരമായ കുറവു നികത്താനായിരുന്നു മൗലവി വളരെയധികം പണം ചെലവ് ചെയ്തു ബൃഹത്തായ ആ ഗ്രന്ഥം പ്രസിദ്ധീകരിച്ചത്.

വക്കംമൗലവിയുടെ രണ്ടാമത്തെ വിവർത്തനഗ്രന്ഥം അഹ്ലുസ് സുന്നത്ത് വൽ ജമാഅത്ത് ആയിരുന്നു മഹാനായ അല്ലാമാ സുലൈമാൻ നദ്‌വി അദ്ദേഹത്തിന്റെ മാആരിഫ് എന്ന ഉർദു മാസികയിൽ ഖണ്ഡശ എഴുതി ഒടുവിൽ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ഒരു പ്രബന്ധത്തിന്റ പരിഭാഷയാണിത്. ആ ഗ്രന്ഥത്തിൽ മൗലവി എഴുതിയ മുഖവുരയുടെ ഒരു ഭാഗം ഇതാണ്. അഹ്ല് സുന്നത്ത് വൽ ജമാ അത്ത് എന്നപദം നമ്മുടെ ഇടയിൽ എല്ലാവരും ഉപയോഗിക്കാറുള്ള ഒന്നാണ്. ഇസ്ലാമിലെ സംഘങ്ങളിൽ വച്ച് അഹ് ലുസുന്നത്ത് വൽ ജമാഅത്താണ് നേർമാർഗ്ഗത്തെ അവലംബിച്ചിട്ടുള്ള സംഘം എന്നും എല്ലാവരും വിശ്വസിക്കുന്നു. എന്നാൽ ഈ പദത്തിന്റെ അർത്ഥമെന്തെന്നും, എങ്ങിനെയുള്ളവരാണ് ഈ പേരിനെ അർഹിക്കുന്നതെന്നും, അവരുടെ ലക്ഷ്യമെന്താണന്നും അറിയാവുന്നവർ നമ്മുടെ ഇടയിൽ ചുരുങ്ങും. ●